**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2381** **12-10-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2019-20 സംസ്ഥാന ബജറ്റിൽ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) പേജ് നമ്പർ 66 ക്രമ നമ്പർ 1394 ആയി വഴിക്കടവ്, മൂത്തേടം, പോത്തുകല്ല്, അമരമ്പലം, കരുളായി പഞ്ചായത്തുകളിൽ വന്യമൃഗ ശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നോ എന്നറിയിക്കാമോ; | (എ) | 2019-20 സംസ്ഥാന ബജറ്റിൽ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) പേജ് നമ്പർ 66 ക്രമ നമ്പർ 1394 ആയി വഴിക്കടവ്, മൂത്തേടം, പോത്തുകല്ല്, അമരമ്പലം, കരുളായി പഞ്ചായത്തുകളിൽ വന്യമൃഗ ശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയെന്നും വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുകയായി വകയിരുത്തിയിട്ടുള്ളത് 10 കോടി രൂപയാണ് . എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനമായ 2 കോടി രൂപ 2019-20 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. |
| (സി) | ബജറ്റ് എസ്റ്റിമേറ്റിൽ മൊത്തം അടങ്കലിന്റെ ഇരുപത് ശതമാനം തുക വകയിരുത്തുന്ന പ്രവൃത്തികൾക്ക് അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നാണോ ബില്ലുകൾ തീർപ്പാക്കുന്നത് എന്നറിയിക്കാമോ; | (സി) | ബജറ്റ് എസ്റ്റിമേറ്റിൽ മൊത്തം അടങ്കലിന്റെ ഇരുപത് ശതമാനം തുക വകയിരുത്തുന്ന പ്രവൃത്തികൾക്ക് ആവശ്യമായ ലംപ്സം വിഹിതം 5054-80-800-66 ശീർഷകത്തിലാണ് വകയിരുത്തുന്നതെങ്കിലും ബജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവച്ചിട്ടുള്ള പ്രവൃത്തികളുടെ ചെലവ് അതത് വകുപ്പുകളുടെ കീഴിൽ അനുയോജ്യമായ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. |
| (ഡി) | വനം വകുപ്പിന് അനുവദിച്ച ശീർഷകത്തിന്മേൽ പ്രവൃത്തി നിർവ്വഹിക്കുന്നതിനാവശ്യമായ തുക തൻ വർഷം നീക്കിയിരിപ്പുണ്ടോയെന്നും 20 ശതമാനം തുക നീക്കിവെച്ചിട്ടും മേൽ പ്രവൃത്തിക്ക് ഇതുവരെയും ഭരണാനുമതി ലഭ്യമാക്കാതിരിക്കുന്നതിന്റെ കാരണവും വിശദമാക്കാമോ; | (ഡി) | നടപ്പ് സാമ്പത്തിക വർഷം മേൽ പ്രവര്ത്ത്യുടെ ചെലവിനം വഹിക്കുന്ന ശീർഷകത്തിൽ (2406-01-800-56-PV) 22 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ബജറ്റ് ശീര്ഷ8കത്തിൽ നിന്നും ചെലവ് വഹിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള ശിപാര്ശചകളൊന്നും ധനവകുപ്പിന് ലഭ്യമാക്കിയിട്ടില്ല. എന്നാൽ മൂത്തേടം ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്നതും നിലമ്പൂർ സൗത്ത് ഡിവിഷൻ, കരുളായി റെയിഞ്ച്, പട്ടക്ക ഫോറസ്റ്റ് സ്റ്റേഷനു കീഴിലെ തീക്കടി-പൂളക്കപ്പാറ- |

| | | | |
|---|---|---|---|
| | | | നമ്പൂരിപ്പൊട്ടി ഭാഗത്ത് കിഫ്ബി ഫേയ്സ് II- ൽ ഉൾപ്പെട്ടുത്തി 3.80 കി.മീ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)നമ്പർ.46/2018/വനം. തീയ്യതി 12.11.2018, ജി.ഒ.(എം.എസ്) നമ്പർ. 02/2020/വനം. തീയതി 23.01.2020 എന്നിവ പ്രകാരം ഭരണാനുമതി ലഭിക്കുകയും, ടി പ്രവൃത്തിയ്ക്ക് 2 കോടി 25 ലക്ഷത്തിന്റെ അടങ്കൽ പാസ്സാക്കി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | മേൽ പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് വനം വകുപ്പ് ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇതു സംബന്ധിച്ച ഫയലുകൾ ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ? | (ഇ) | നടപ്പ് സാമ്പത്തിക വർഷം മേൽ പ്രവര്ത്തിയുടെ ചെലവിനം വഹിക്കുന്ന ശീർഷകത്തിൽ (2406-01-800-56-PV) 22 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ബജറ്റ് ശീര്ഷ8കത്തിൽ നിന്നും ചെലവ് വഹിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള ശിപാര്ശചകളൊന്നും ധനവകുപ്പിന് ലഭ്യമാക്കിയിട്ടില്ല. എന്നാൽ മൂത്തേടം ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്നതും നിലമ്പൂർ സൗത്ത് ഡിവിഷൻ, കരുളായി റെയിഞ്ച്, പട്ടക്ക ഫോറസ്റ്റ് സ്റ്റേഷനു കീഴിലെ തീക്കടി-പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഭാഗത്ത് കിഫ്ബി ഫേയ്സ് II- ൽ ഉൾപ്പെട്ടുത്തി 3.80 കി.മീ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)നമ്പർ.46/2018/വനം. തീയ്യതി 12.11.2018, ജി.ഒ.(എം.എസ്) നമ്പർ. 02/2020/വനം. തീയതി 23.01.2020 എന്നിവ പ്രകാരം ഭരണാനുമതി ലഭിക്കുകയും, ടി പ്രവൃത്തിയ്ക്ക് 2 കോടി 25 ലക്ഷത്തിന്റെ അടങ്കൽ പാസ്സാക്കി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ